# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3168 — 10.05.2017 — ൽ മറുപടിക്ക്

## റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന സി.എം.ആർ അരിയുടെ ഗുണമേന്മ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന എഫ്.സി.ഐ. അരിയ്ക്ക് പകരം സി.എം.ആർ. അരി 75% വിതരണം ചെയ്യണമെന്ന നിബന്ധന നിലവിലുണ്ടോ; | (എ) ഇല്ല. സപ്ലൈകോ ഓരോ മാസവും നെല്ല് സംഭരണം മുഖേന ലഭ്യമാക്കുന്ന സി.എം.ആർ. അരിയുടെ അളവനുസരിച്ചാണ് ജില്ലകൾക്ക് അനുവദിക്കുന്നത്. |
| (ബി) ഇത്തരത്തിൽ സി.എം.ആർ. അരി വിതരണം ചെയ്യുമ്പോൾ കർഷകരിൽ നിന്ന് ശേഖരിക്കുന്ന നല്ലയിനം അരി തന്നെയാണ് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) കർഷകരിൽ നിന്നും സംഭരിച്ച നെല്ല് സ്വീകരിക്കുന്നതിന്റെയും സംസ്കരണത്തിന്റെയും നാൾവഴി കമ്പ്യൂട്ടർ അധിഷ്ഠിതമായ സംവിധാനത്തിൽ രേഖപ്പെടുത്തുന്നു. കൂടാതെ, അരിയുടെ ഗുണനിലവാര പരിശോധനയും നടത്തിയതിനു ശേഷമാണ് കസ്റ്റം മിൽഡ് റൈസ് **(CMR)** റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് സപ്ലൈകോ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറുന്നത്. സപ്ലൈകോയ്ക്ക് വേണ്ടി നെല്ല് ഏറ്റെടുക്കുന്ന മില്ലുകാർ 100 കി.ഗ്രാം നെല്ലിൽ നിന്ന് 68 കി.ഗ്രാം അരി തിരികെ നൽകണമെന്നുള്ളതാണ് നിബന്ധന. |
| (സി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഇത്തരം അരിയുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ? | (സി) റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തിയാണ് സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നത്. കൂടാതെ എല്ലാ റേഷൻ കടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യ ധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ